LIBRARY ARCHIVES Kerala Legislative Assembly

തങ്കളം-കാക്കനാട് റോഡിന്റെ ജോലികൾ

316 (1401) ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കളം-കാക്കനാട് റോഡിന്റെ പൂർണ്ണ തോതിലുള്ള ജോലികൾ നടക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) റോഡിന്റെ അഡ്വാൻസ് പൊസഷനിൽ 5.98 കോടി അനുവദിച്ചിട്ടും പണം ആർഎടുത്തവർക്ക് നഷ്ടപരിഹാരത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ഇക എന്നതിലേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(ഡി) എട്ട് വർഷത്തോളമായിട്ടും ടി റോഡിന്റെ ജോലികൾ ഇഴഞ്ഞ് നിൽക്കുന്നത് അവസാനിപ്പിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ ജോലികൾ പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തങ്കളം-കാക്കനാട് റോഡിന്റെ രണ്ടാംഘട്ട റോഡ് നിർമ്മാണത്തിന് പെയിന്റേജ് 24/600 മുതൽ 26/057 വരെയുള്ള ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിൽ ഉദ്ദേശം 14.24 മെക്കർ സ്ഥലം ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി ഭൂമി ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ബാക്കി സ്ഥലം പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം അനുശാസിച്ചുള്ള ചട്ടങ്ങൾ നിലവിലില്ലാത്തതിനാൽ ടി സ്ഥലം ഉടമകളുമായി വിലപേശി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

(ബി-ഇ) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിലുള്ള നടപടി സ്വീകരിച്ചുവരുന്നതാണ്.

കൊരട്ടി പൊങ്ങം റെയിൽവേ ഓവർ ബ്രിഡ്ജ്

317 (1402) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി പൊങ്ങം റെയിൽവേ ഓവർ ബ്രിഡ്ജിന്റെ വീതി കൂട്ടി നവീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിനും ഗതാഗതം പുനഃസ്ഥാപിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) ചിറങ്ങര റെയിൽവേ ക്രോസിംഗിൽ മേൽപ്പാലം നിർമ്മിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) കൊരട്ടി പൊങ്ങം റെയിൽവേ ഓവർ ബ്രിഡ്ജിന്റെ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല.

(സി) ചിറങ്ങര റെയിൽവേ ക്രോസിൽ മേൽപ്പാലം നിർമ്മിക്കുന്നതിനായി ജനറൽ അറേഞ്ച്മെന്റ് പ്ലാനിംഗ്, ആർ.ബി.ഡി.സി.കെ. തയ്യാറാക്കി റെയിൽവേക്ക് പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

ചേലക്കര ബൈപ്പാസ് നിർമ്മാണം

318 (1403) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതി പുതുക്കി നൽകുവാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) 2009-ൽ നൽകിയ ഭരണാനുമതി പ്രകാരം പുതിയ ബൈപാസ് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത റോഡിൽ വർദ്ധിച്ച വാഹന ഗതാഗതവും മറ്റ് തിരക്കുകളും കാരണമുണ്ടാകുന്ന ഗതാഗതക്കുരുക്കുകളും അപകടങ്ങളും ഒഴിവാക്കുവാൻ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി പുതുക്കി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2500 ലക്ഷം രൂപയുള്ള ഭരണാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly